(ഡി) അഡീഷണൽ സെയിൽസ് ടാക്സും സോഷ്യൽ സെക്യൂരിറ്റി സെസ്സും ഉൾപ്പെടെ സംസ്ഥാനം നിലവിൽ പെട്രോളിന്റെയും ഡീസലിന്റെയും മേൽ എത്ര ശതമാനം നികുതിയാണ് ചുമത്തുന്നതെന്ന് വ്യക്തമാക്കാമോ?

നിലവിൽ പെട്രോളിന്റെയും ഡീസലിന്റെയും മേൽ സംസ്ഥാനം ചുമത്തുന്ന അഡീഷണൽ സെയിൽസ് ടാക്സും സോഷ്യൽ സെക്യൂരിറ്റി സെസ്സും അനുബന്ധമായി ചേർക്കുന്നു.*

**സംസ്ഥാനത്തിന് ലഭിക്കുന്ന അധിക ഇന്ധന നികുതി വരുമാനം**

16 (*44) ശ്രീ. റോജി എം. ജോൺ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) ഇന്ധനവില തുടർച്ചയായി വർദ്ധിക്കുന്ന സാഹചര്യത്തിൽ മൂല്യത്തിന്റെ അടിസ്ഥാനത്തിൽ ഇന്ധന നികുതി കണക്കാക്കുന്നതിന് പകരം നിശ്ചിത നികുതി രീതിയിലേയ്ക്ക് മാറാൻ സംസ്ഥാന സർക്കാർ തയ്യാറാകുമോ?

ഇതുസംബന്ധിച്ച തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ബി) ഇതുസംബന്ധിച്ച് സംസ്ഥാന സർക്കാർ എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ധനകാര്യ വകുപ്പ് തയ്യാറാക്കിയ 'കോവിഡ്-19 പാൻഡമിക് റെസ്പോൺസ് സ്ട്രാറ്റജിക് റിപ്പോർട്ട്'-ന്റെ ഭാഗം 5-ൽ പെട്രോളിന്മേലും ഡീസലിന്മേലും അധികനികുതി വരുമാനം സമാഹരിക്കുന്നതുമായി ബന്ധപ്പെട്ടുള്ള നിർദ്ദേശം ആകെ നികുതിയുടെ ഒരു ഭാഗം നിശ്ചിത നികുതിയായി മാറ്റുകയും ശേഷിക്കുന്ന ഭാഗം നികുതി വിൽപ്പന മൂല്യത്തിന്റെ നിശ്ചിത ശതമാനമായും കണക്കാക്കുക എന്നതാണ്.

(സി) പ്രസ്തുത രീതിയിലേയ്ക്ക് മാറിയാൽ തുടർച്ചയായി ഉണ്ടാകുന്ന ക്രൂഡ് ഓയിൽ വിലവർദ്ധനവിനെ തുടർന്ന് സംസ്ഥാനത്തിന് ലഭിക്കുന്ന അധിക ഇന്ധന നികുതി വരുമാനം ജനങ്ങളിലേയ്ക്ക് എത്തിക്കാൻ സാധിക്കില്ലേയെന്ന് വ്യക്തമാക്കാമോ;

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കോവിഡ് കാരണം ജനങ്ങൾ ബുദ്ധിമുട്ടുമ്പോൾ പെട്രോളിൽ നിന്നും ഡീസലിൽ നിന്നും ലഭിക്കുന്ന അധിക വരുമാനം 2011-2016-ലെ സർക്കാരിന്റെ മാതൃകയിൽ ജനങ്ങളിലേയ്ക്ക് എത്തിക്കാൻ നടപടി സ്വീകരിക്കുമോ?

2011-2016 കാലഘട്ടത്തിൽ പെട്രോളിന്റെ സംസ്ഥാന വിൽപ്പന നികുതി 4 തവണ കുറയ്ക്കുകയും 13 തവണ വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. മേൽ കാലയളവിൽ ഡീസലിന്റെ സംസ്ഥാന വിൽപ്പന നികുതി 2 തവണ കുറയ്ക്കുകയും 6 തവണ വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. തൽഫലമായി പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വിൽപ്പന നികുതി 2011-ൽ യഥാക്രമം 29.01 ശതമാനവും 24.69 ശതമാനവും ആയിരുന്നത് 2016-ൽ യഥാക്രമം 31.8 ശതമാനവും 24.52 ശതമാനവും ആയി. എന്നാൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2018-ൽ പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വിൽപ്പന നികതി യഥാക്രമം 30.08 ശതമാനവും 22.76 ശതമാനവും ആയി കുറച്ചിട്ടുണ്ട്. 2016-നുശേഷം പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വിൽപ്പന നികുതിയിൽ വർദ്ധനവ് വരുത്തിയിട്ടില്ല. എന്നാൽ കേന്ദ്ര ഗവൺമെന്റ് ഈ കാലയളവിൽ കേന്ദ്ര അഡീഷണൽ എക്സൈസ് നിരക്ക് പലതവണ വർദ്ധിപ്പിച്ചതായി കണ്ടുവരുന്നു. ഇത് ഇന്ധന വിലവർദ്ധനവിന് കാരണമാകുന്നുണ്ട്. കേന്ദ്ര നികുതി നിരക്ക് കുറച്ചാൽ സംസ്ഥാന നികുതി അതനുസരിച്ച് താനേ കുറയുന്നതാണ്. കമ്പോളവിലയിലുണ്ടാകുന്ന ഇടിവ് ഓഫ്സെറ്റ് ചെയ്ത് കേന്ദ്ര അഡീഷണൽ എക്സൈസ് നിരക്ക് വർദ്ധിപ്പിക്കുന്ന രീതിയാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. ഇങ്ങനെ കേന്ദ്ര സർക്കാർ സമാഹരിക്കുന്ന പണം സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ടതുമില്ല. കമ്പോളത്തിൽ ക്രൂഡ് ഓയിൽ വില കുറയുമ്പോൾപോലും ആയതിന്റെ നേട്ടം ജനങ്ങൾക്ക് കൈമാറ്റം ചെയ്യാത്ത തുടർച്ചയായ നടപടികൾ പിൻവലിക്കാൻ കേന്ദ്ര സർക്കാർ തയ്യാറാകുകയാണ് വേണ്ടത്.

**ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകൾക്ക് മോറട്ടോറിയം**

17 (*46) ശ്രീ. കെ. പി. മോഹനൻ:
ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ., കെ.എഫ്.സി. തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിൽ കോവിഡ് പശ്ചാത്തലത്തിൽ വായ്പകൾക്ക് മോറട്ടോറിയം പ്രഖ്യാപിക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly